**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4701** **02-07-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളം മാലിന്യമുക്തമാണെന്ന് ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. റോഷി അഗസ്റ്റിന്‍<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാക്കനാട് ഡി.എൽ.എഫ്. ഫ്ലാറ്റിൽ കുടിവെള്ളം മലിനമായതിനെത്തുടർന്ന് നിരവധി പേർക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫ്ലാറ്റിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടോ; വാട്ടർ അതോറിറ്റി വിതരണം ചെയ്ത കുടിവെള്ളം മാലിന്യമുക്തമാണെന്ന് ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഒരു കണക്ഷൻ നൽകിയിട്ടുണ്ട്. ജല അതോറിറ്റിയുടെ ആലുവയിലുള്ള ജലശുദ്ധീകരണ ശാലയിൽ നിന്നുമാണ് പ്രസ്തുത ഫ്ലാറ്റിലേക്ക് കുടിവെള്ളം നൽകി വരുന്നത്. അവിടെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ഇത് കൂടാതെ കളമശ്ശേരിയിലെ പമ്പ്ഹൗസിലും പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിലേക്ക് ജലം എത്തിക്കാൻ വേണ്ടി സംഭരിക്കുന്ന ഭൂതല ടാങ്കിലേയും റെസിഡ്യൂൽ ക്ലോറിൻ പരിശോധിക്കുന്നുണ്ട്. കൂടാതെ ഫീൽഡുകളിൽ വാലറ്റ പ്രദേശങ്ങളിലെ ടാപ്പുകളിലും വീട്ടുകളിലും വിതരണ സമയത്ത് സമയക്രമം നിശ്ചയിച്ച് റെസിഡ്യൂൽ ക്ലോറിന്റെ അളവ് പരിശോധിച്ച് മാലിന്യ വിമുക്തമാണ് എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതിനു പുറമെ കേരളാ വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ 2024-25 കാലയളവിലെ ആക്ഷൻ പ്ലാൻ പ്രകാരം നിശ്ചിത ഇടവേളകളിൽ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിക്കുന്നുണ്ട്. പ്രസ്തുത ഫ്ലാറ്റിൽ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 18.06.2024, 20.06.2024, 22.06.2024 എന്നീ തീയതികളിൽ ജല സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പ വരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ